


## ഗുരു ചന്തുപ്പണിക്കർ സ്മാരക ഗവ.ഹയർ സെക്കന്ററി സ്കൂൾ

**ഇളമ്പച്ചി പി.ഒ, കാസറഗോഡ്**

# വെയിൽ കൊണ്ട്
# വരച്ച
# ചിത്രങ്ങൾ



## ഡിജിറ്റൽ മാഗസിൻ-2026

**ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്**

# ആമുഖം

പ്രിയരെ,

ഇളമ്പച്ചി ഗുരു ചന്തുപ്പണിക്കർ സ്മാരക ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ ഡിജിറ്റൽ മാഗസിനാണ് വെയിൽ കൊണ്ടുവരച്ച ചിത്രങ്ങൾ. ജീവിതം പൂർണ്ണമായും ഡിജിറ്റലായി മാറിത്തീരുന്ന ഈ കാലത്ത് സർഗ്ഗാത്മകാവിഷ്ക്കാരവും ഇത്തരം ഫ്ലാറ്റ് ഫോമിലേക്ക് പറിച്ചുമാറ്റപ്പെടുകയാണ്.അതിന്റെ ഭാഗമായാണ് കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ ചേർന്നെഴുതുന്ന വെയിൽ കൊണ്ടുവരച്ച ചിത്രങ്ങൾ എന്ന ഈ ഡിജിറ്റൽ മാഗസിൻ ഇളമ്പച്ചി സ്കൂളും പുറത്തിറക്കുന്നത്.

ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥികളുടെ ഐ.ടി ക്ലബ്ബ് കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ തനത് പ്രവർത്തനങ്ങളിലൊന്നാണ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്നത്. വിവിധ മൊഡ്യൂളുകളിലൂടെ വിദ്യാർത്ഥികൾ മാഗസിൻ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പഠിക്കുന്നുണ്ട്.മലയാളം ടൈപ്പിങ്, ലേ ഔട്ട് തുടങ്ങിയ പ്രസാധക പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്.അത്തരം പഠനത്തിന്റെ പ്രായോഗിക പ്രവർത്തനം കൂടിയാണ് ഈ ഈ മാഗസിൻ നിർമ്മാണം.

ഈ മാഗസിൻ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ, കൈറ്റ് മെന്റർമാർ, കൈറ്റ് മാസ്റ്റർ ട്രെയിനർമാർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പ്രത്യേക നന്ദിയും കടപ്പാടും അറിയിക്കുന്നു.

സ്നേഹത്തോടെ
സ്റ്റുഡന്റ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :റീന കെ.ടി

സ്റ്റാഫ് എഡിറ്റർ : ദീപ എം.വി

സ്റ്റുഡന്റ് എഡിറ്റർ :ദർശന

ആർട്ട് എഡിറ്റർ : അർഷിദ

അംഗങ്ങൾ

ദീപ കെ.വി
അഭിലാഷ് രാമൻ
രമേശൻ ചെന്തെട്ട
സിറാജുദ്ദീൻ പി.കെ
ഇന്ദു പി
ആഷ്നികൃഷ്ണ എം
ആദിദേവ് വി
അന്മയ കെ വി
അനുഗ്രഹ കെ വി
അനുരാജ് പി പി
അർജുൻദേവ് എം കെ
ആശ്വിൻ ആശിഷ് നരൈൻ
അകുൽ സാജൻ
അമർനാഥ് ടി
അൻവർദ്ധ കെ
നീരജ് ചന്ദ്
മേധപത്മം രാജ്





# മൂടൽ മഞ്ഞിൽ വിരിഞ്ഞിരിക്കുന്ന റോസാപ്പൂവ്

ചെറുകഥ

വയനാട്ടിലെ സുൽത്താൻബത്തേരിക്കടുത്ത് ഒരു അനാഥാലയത്തിൽ റോസ് എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ അച്ഛനും അമ്മയും ആരാണെന്ന് അവൾക്കറിയില്ലായിരുന്നു.

വയനാട്ടിലെ ചൂരൽ മലയിലെ ഒരു സ്കൂളിലായിരുന്നു റോസ് പഠിക്കുന്നത്. സ്കൂളിൽ പോകുമ്പോൾ മാത്രമായിരുന്നു അവൾക്ക് ഒറ്റപ്പെടലിന്റെ വേദന മനസ്സിലായത്. കാരണം അനാഥാലയത്തിൽ അവളെപ്പോലെ തന്നെ അനാഥരാണ് എല്ലാവരും. സ്കൂളിൽ പോയാൽ എല്ലാവരുടെയും മുമ്പിലും തീർത്തും ഒറ്റപ്പെട്ടാണ് അവൾ കഴിയുന്നത്. എടുത്തിരിക്കുന്ന കുട്ടികൾ എപ്പോഴും അവരുടെ കുടുംബത്തെപ്പറ്റി സംസാരിക്കും കുട്ടികൾ തമ്മിൽ എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ അവളെ ആരുമില്ലാത്തവൾ എന്ന് ക്കും.



ആ വിളി അവളെ വല്ലാതെ തളർത്തിയിരുന്നു

ക്ലാസിൽ ഏറ്റവും കൂടുതൽ പഠിക്കുന്നത് റോസ് ആയിരുന്നു. അവളുടെ ഏറ്റവും അടുത്ത കൂട്ടുകാരി അന്ന ആയിരുന്നു.

റോസ് ഇപ്പോൾ പഠിക്കുന്നത് പത്താം തരത്തിലാണ്. അനാഥാലയത്തിലെ നാല് ചുവരുകൾക്കുള്ളിലും, സ്കൂളിന്റെ മതിൽക്കെട്ടുകൾക്കുള്ളിലും ജീവിതം തളക്കപ്പെട്ടതുപോലെ അവൾക്ക് തോന്നി.

ഒരു നാൾ സിസ്റ്റർ തന്റെ ഏറ്റവും പ്രിയ ആഗ്രഹം പറയാൻ ആവശ്യപ്പെട്ടപ്പോൾ എന്റെ മാതാപിതാക്കളെ ഒരു നോക്കു കാണുകയും, നല്ല വിദ്യാഭ്യാസം നേടണമെന്നും അവൾ പറഞ്ഞു.

ദിവസങ്ങൾ കടന്നുപോയി പത്താം ക്ലാസ് പരീക്ഷയുടെ റിസൾട്ട് വരുന്ന ദിവസമാണ് ഇന്ന്.

നല്ല ഉൾഭയം ഉണ്ടായിരുന്നു. അവളെ സിസ്റ്റർ മുറിയിലേക്ക് വിളിപ്പിച്ചു, അവൾ 98 ശതമാനം മാർക്കോടെ പത്താം ക്ലാസ് പരീക്ഷ വിജയിച്ചു എന്ന വിവരമാണ് സിസ്റ്റർ പറഞ്ഞത്.

കൂടാതെ ഇനി അവൾക്ക് ഇഷ്ടമുള്ളിടത്ത് പോയി ഉപരിപഠനം നടത്താമെന്നും അതിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കാമെന്ന് വാക്കും നൽകി.

അവളുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞൊഴുകി. തന്റെ ആത്മസുഹൃത്തിന്റെ അരികിലേക്ക് ഓടി സന്തോഷ വിവരം അവളെ അറിയിച്ചു.

അവളുടെ ആദ്യത്തെ ആഗ്രഹമങ്ങനെ നടക്കാൻ പോവുകയാണ്. റോസ് വിചാരിച്ചു അവളുടെ കൂടെ അച്ഛനും അമ്മയും ഉണ്ടായിരുന്നെങ്കിൽ എന്തു



ഈ വാർത്ത അറിഞ്ഞാൽ അവർക്ക് എന്തുമാത്രം സന്തോഷം ആവും. എന്തെല്ലാം സാധനങ്ങൾ എനിക്ക് അവർ വാങ്ങി തന്നേനെ. ഒരുപക്ഷേ എന്നെ നോക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാം എന്നെ ഉപേക്ഷിച്ചത്.

എന്നാലും എന്നെ ഉപേക്ഷിക്കേണ്ടായിരുന്നു. എപ്പോഴെങ്കിലും ഞാൻ അവരെ കണ്ടുമുട്ടുമോ ... റോസ് ഉപരിപഠനത്തിനായി പുറത്തേക്ക് പോവുകയാണ്.

അവളുടെ ആത്മസുഹൃത്തിനെ അവിടെ ഒറ്റക്കാക്കി പോകുന്നതിൽ വളരെ വേദന ഉണ്ടായിരുന്നു. അവൾ അവരോടെല്ലാം യാത്ര പറഞ്ഞു അവിടെ നിന്നും ഇറങ്ങി.

അന്ന കരച്ചിലാണ്. ചുവന്ന കണ്ണുകളുടെ അവസാനമായി അവൾ എല്ലാവരോടും യാത്ര പറഞ്ഞു. എന്നെങ്കിലും വരാമെന്ന് റോസ്, അന്നയോട് പറഞ്ഞു. വീണ്ടും ഒറ്റപ്പെടലിലേക്ക് ആണ് പോകുന്നത്

എന്ന് തോന്നി. ട്രെയിനിലിരുന്ന് അവൾ ചുറ്റും നോക്കി, എങ്ങും അറിയാത്തവർ. ജീവിക്കാൻ വേണ്ടി അന്നന്നത്തെ പണിക്കു പോകുന്നവർ. ഒരു കണക്കിനു നോക്കിയാൽ എല്ലാവരും അനാഥരാണ്. ഒറ്റക്കാണ് എല്ലാവരും വരുന്നത്. ഒറ്റക്കാണ് എല്ലാവരും പോകുന്നത്. ഒറ്റപ്പെടലിനെ ഒരു കൂടപ്പിറപ്പായി കണ്ടു റോസ് മുന്നോട്ടു ജീവിച്ചു.



**ശിവന്യ എം.വി**
പത്താം തരം





# "എന്റെ സ്കൂൾ"
## കവിത




എന്റെ സ്കൂൾ എന്റെ ലോകം,
സ്വപ്നങ്ങൾ നിറഞ്ഞൊരു നാട്...
അറിവിന്റെ വിളക്കുകൾ തെളിയുന്ന,
അമൃതമഴ പെയ്യുന്ന വീട്...

പ്രഭാതത്തിലെ മണിനാദം,
ഹൃദയത്തിൽ സംഗീതം തീർക്കും...
പുസ്തകങ്ങളുടെ സുഗന്ധത്തിൽ,
പുതിയ ലോകങ്ങൾ തുറക്കും...



അധ്യാപകർ ദീപസ്തംഭങ്ങൾ,
വഴികാട്ടി നമ്മെ നയിക്കും...
സ്നേഹവും ശിക്ഷണവും ചേർന്നു,
ജീവിത പാതകൾ തെളിക്കും...

സുഹൃത്തുക്കൾ ചിരിയുടെ പൂക്കൾ,
ഓർമ്മകളിൽ പൂത്തു നിൽക്കും...
കളിസ്ഥലത്തിന്റെ ആഹ്ലാദം,
ഹൃദയം നിറച്ച് തുള്ളും...

എന്റെ സ്കൂൾ, എന്റെ അഭിമാനം,
ജീവിതത്തിന്റെ ആദ്യ പാഠം...
എന്നുമെന്നേക്കും മനസ്സിൽ,
നിൽക്കുന്നൊരു സ്നേഹ ഗാനം...



# അച്ചു

ചെറുകഥ

ഒരു പകൽ സമയത്ത് അച്ചുവിന്റെ വീട്ടിൽ ആരും ഉണ്ടായിരുന്നില്ല. അടുത്ത വീട്ടിലെ വേലക്കാരിയാണ്.

അവളുടെ വീട്ടിൽ അവൾ മാത്രമാണുണ്ടായിരുന്നത്. അമ്മ മരിച്ചുപോയി, അച്ഛൻ അവളെ ഉപേക്ഷിച്ചു പോയതാണ്. അവളുടെ പ്രായം 19. അമ്മ മരിച്ചതിനുശേഷം അവൾക്ക് പഠിക്കാൻ കഴിഞ്ഞിട്ടില്ല.അവളുടെ വലിയ ആഗ്രഹമായിരുന്നു പഠിച്ചു വലിയ ജോലി വാങ്ങുക എന്നത്.

വളരെ മിടുക്കി ആയ കുട്ടിയായിരുന്നു അച്ചു. പതിനഞ്ചാമത്തെ വയസ്സിലാണ് അവളുടെ അച്ഛൻ അവളെ ഉപേക്ഷിച്ചു പോയത്. അന്നു മുതൽ അവൾ ഒറ്റയ്ക്കാണ് താമസിക്കുന്നത്. പലരുടെയും വീട്ടിൽ ജോലിയെടുത്താണ് അവൾ പണം കണ്ടെത്തുന്നതും ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്.

അങ്ങനെ അവളുടെ ജീവിതം തനിച്ചു പോയിക്കൊണ്ടിരിക്കുമ്പോഴാണ് അവളുടെ മനസ്സിൽ പണ്ടത്തെ ആഗ്രഹം വീണ്ടും വന്നത്. ജോലി ചെയ്തു കിട്ടുന്ന പണത്തിൽ നിന്നും കുറച്ചു തുക അവൾ മാറ്റിവെച്ചിരുന്നു.അത് ഉപയോഗിച്ച് അവൾ ഉപരിപഠനം നടത്താൻ ആഗ്രഹിച്ചു. അവളുടെ ഗ്രാമത്തിൽ നിന്നും വളരെ അകലെയായിരുന്ന മധ്യത്തിൽ ആയിരുന്നു അവളുടെ കോളേജ്.

അവൾ നല്ലൊരു അധ്യാപിക ആകാനാണ് പഠിക്കുന്നത്. ആദ്യദിവസം വളരെ സന്തോഷത്തിലാണ് അവൾ കോളേജിലേക്ക് പോയത്.

കാടും മലയും താണ്ടി ബഹളങ്ങൾ ഉള്ള ഒരു സ്ഥലത്തേക്ക് ആദ്യമായിട്ടാണ് അവൾ പോകുന്നത്. ഒരുപാട് കാലത്തിനു ശേഷമാണ് അവൾ പഠിക്കാൻ പോകുന്നത്. ചെറിയൊരു പേടി അവൾക്കുണ്ടായിരുന്നു അവളോട് അവിടെയുള്ള ആരും തന്നെ മിണ്ടിയില്ല അവൾ ഒറ്റക്കാണ് ഇതുവരെ ജീവിച്ചത്. അതുകൊണ്ടുതന്നെ അവൾക്ക് സുഹൃത്തുക്കൾ ഇല്ലാത്തതിനാൽ സങ്കടം ഒന്നും ഉണ്ടായിരുന്നില്ല. അതിരാവിലെ എഴുന്നേറ്റ് വീട്ടിലെ പണികളെല്ലാം തീർത്തവർ കോളേജിലേക്ക് പോവുകയും വൈകുന്നേരം തിരിച്ചെത്തി മറ്റു വീടുകളിലെ വേല ചെയ്യുകയും ചെയ്താണവൾ പഠനം നടത്തിയത്. അങ്ങനെ കഷ്ടപ്പെട്ടു പഠിച്ച അച്ചുവിന് അധ്യാപികയായി ജോലി ലഭിച്ചു. ആ ഗ്രാമത്തിൽ തന്നെ ഒരു വീട് വയ്ക്കുകയും അവിടെ താമസിക്കുകയും ചെയ്തു.



സന റസാഖ് എ
10 ബി



# വിദൂര വഴിയിലെ അവൾ

ചെറുകഥ

ജോലി കഴിഞ്ഞ് വീട്ടിലേക്ക് തിരിക്കാൻ അവൾ പതിവിലും വൈകിയിരുന്നു. ചന്ദ്രൻ ഇരുട്ടുകൊണ്ട് മറഞ്ഞിരുന്നു. എന്നും നടന്നിട്ടാണ് ജോലി സ്ഥലത്തേക്കും തിരിച്ചു വീട്ടിലേക്കും പോവുക. ഇന്ന് നേരത്തെ പോകാൻ വിടാത്ത മാനേജറെ പ്രാകിക്കൊണ്ട് അവൾ നടക്കാൻ തുടങ്ങി. വഴിയരികിൽ ഒരു മനുഷ്യക്കുഞ്ഞു പോലുമില്ല, ആകെ ശാന്തം ഒരു ഇല പൊഴിഞ്ഞു താഴെ വീണാൽ അറിയാൻ കഴിയും. അവൾക്ക് ആകെ പേടിയാകാൻ തുടങ്ങി. അച്ഛനെ വിളിക്കാൻ ഫോൺ എടുത്തപ്പോൾ ഫോൺ സ്വിച്ച് ഓഫ്. ആരെയാണ് ഇന്ന് കണി കണ്ടതെന്ന് പിറുപിറുത്ത് വീണ്ടും നടക്കാൻ തുടങ്ങി. അവളെ ആരോ പിന്തുടരുന്നത് പോലെ അവൾക്ക് തോന്നി. ഒന്ന് തിരിഞ്ഞു നോക്കി ആരുമില്ല. പേടിച്ചു നടത്തത്തിന്റെ വേഗത കൂട്ടി. അവളുടെ പേരും കുഞ്ഞിന്റെ കരച്ചിലും, ചിരിയും, എല്ലാ ശബ്ദവും കേട്ട് കരഞ്ഞുകൊണ്ട് നടത്തം മാറ്റി ഓടാൻ തുടങ്ങി. അപ്പോഴേക്കും അവൾ ഞെട്ടി എഴുന്നേറ്റു, സമയം രാവിലെ ഏഴു മണി.



സൻമയ എൻ
9 A



# ചെകുത്താന്റെ കോട്ട
## ചെറുകഥ

നിശബ്ദ മാർന്ന രാത്രിയുടെ ഏകാന്തതയും അടിയുലയുന്ന മരങ്ങളെയും, തമ്മിൽ തമ്മിൽ കൊക്കുരുമ്മുന്ന രണ്ട് കിളികളെയും നോക്കിക്കൊണ്ട് അവൾ ചിന്താവിഷ്ടയായി അങ്ങനെ അവിടെ നിൽക്കുകയാണ്. പെട്ടെന്ന് അവൾ നോക്കെത്താ ദൂരത്തുള്ള ഒരു ഫാക്ടറിയിൽ ഒരു നിഴൽ പോലെ കണ്ടു. പക്ഷേ അവൾക്ക് ഭയമൊന്നും തോന്നിയില്ല. അത് എന്തെന്നറിയാൻ അവൾക്ക് വളരെയധികം താല്പര്യമുണ്ടായിരുന്നു. അവൾ ഉറങ്ങാൻ കിടന്നു പിന്നീട് അതിനെപ്പറ്റി ചിന്തിച്ചതേയില്ല.




തന്റെ സ്വപ്നം പൂർത്തിയാക്കാൻ ആകാതെ കിടക്കപ്പായയിൽ നിന്നും ഒന്നു വലിഞ്ഞു എഴുന്നേറ്റു. ചായ തയ്യാറാക്കാനായി അടുക്കളയിലേക്ക് പോയി. അടുപ്പിൽ വെള്ളം ചൂടാക്കി ചായപ്പൊടിയിടുമ്പോഴാണ് താൻ ഇന്നലെ കണ്ടതിനെ ഓർത്തത്. സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്ന് ചിന്തിച്ച് നിന്ന് ചായ തിളച്ചവൾ അറിഞ്ഞതേയില്ല. ഉച്ച ഭക്ഷണവും തയ്യാറാക്കിയ അവൾ ഓഫീസിലേക്ക് പോകാൻ വണ്ടി ...

പിറ്റേന്ന് അവൾ ഓഫീസിൽ പോയി തിരിച്ചുവരാൻ ഒരുപാട് വൈകി ഇന്നത്തെ ദിവസം പതിവുപോലെ അല്ലായിരുന്നു. വളരെയധികം ഇരുട്ടു നിറഞ്ഞ ദിവസമായിരുന്നു. ഓഫീസിൽനിന്ന് തിരിച്ചുവരുമ്പോൾ അവളെ ഫാക്ടറിയുടെ അടുത്ത് വണ്ടി ഓഫാക്കി ചാവി കീശയിലിട്ട് നടന്നു. സാധാരണ ഒരു കെട്ടിടം പോലെ അല്ലായിരുന്നു അതിന്റെ അകത്ത്. നിറയെ ഇരുട്ടും പൊടിയും കല്ലും ആയിരുന്നു.

അവൾ കെട്ടിടത്തിനകത്ത് പ്രവേശിച്ചു. അവിടെ പേടിപ്പെടുത്തുന്ന ഒരു മുറി അവൾ കണ്ടു. മുഴുവൻ ധൈര്യം സംഭരിച്ച് അതിനുള്ളിലേക്ക് കടന്നു. അതിനുള്ളിൽ അവൾ കണ്ട കാഴ്ച ഭീതിപ്പെടുത്തുന്നതായിരുന്നു.
ശവശരീരങ്ങൾ കുന്നു കൂടി കിടക്കുന്നു.

ഭയന്ന് വിറച്ച അവൾ ഓടിയെത്തിത് ഫാക്ടറിയുടെ പുറത്തായിരുന്നില്ല. ഭൂമിയുടെ അടിഭാഗം എന്ന് തോന്നിപ്പിക്കുന്ന സ്ഥലത്തായിരുന്നു. ചെകുത്താന്റെ കോട്ട.....




**അമേഘ ടി വി**

10 ബി




# മാധവിയമ്മയും എ.ഐ യും

## ചെറുകഥ

ചായ കുടികഴിഞ്ഞ് മാധവിയമ്മ ഉമ്മറത്തേക്ക് ചെന്നു. മകൾ ഷൈമ എവിടെയോ പോകാനുള്ള തയ്യാറടുപ്പിലാണ്.

മാധവി: മോളേ ഷൈമേ നീ ഏടപ്പോന്ന്.........

ഷൈമ: പാറു വേട്ടിയെ പുഷ്പാംഗതൻ ഡോക്ടറെ കാണിക്കണം. ഇന്നത്തേക്കാണ് ടോക്കൻ കിട്ടിയത്. ഓപ്പറേഷൻ വേണമെങ്കിൽ ചില ടെസ്ററുകൾ നടത്തേണ്ടി വരും.

മാധവി: അപ്പോ സ്ക്കൂളിലാരുപോകും?

ഷൈമ: അമ്മ പോകും. ഞാൻ കൂടെ വരാമെന്ന് അന്നേ പറഞ്ഞു പോയി.

മാധവി: ഞാൻ പോയിട്ടെന്തു ചെയ്യാൻ? വലിയ ഫോൺ കൊണ്ടോണെന്നല്ലേ നീ പറഞ്ഞത്!



ഷൈമ: അതെ ഫോണിൽ എന്തൊക്കെയോ ചെയ്യാനുണ്ട്.

മാധവി: എനക്ക് ഫോണിനേപ്പറ്റി ഒന്നും അറിയില്ലെന്ന് നിനക്കറിയില്ലേ? ഈ ഫോണാണെങ്കിൽ വിളിക്കാനും എടുക്കാനും അറിയാം.

ഷൈമ: അമ്മ ഒന്നും പേടിക്കേണ്ട നമ്മളെ എളമ്പച്ചി സ്ക്കുളിലെ കുട്ടികളായ ദർശന, അന്വർത്ഥ,മേധപത്മം, സൻമയ എന്നിവരാണ് ക്ലാസടുക്കുന്നത്.

മാധവി: ഓ നമ്മുട കുട്ടൂസിന്റെ സ്ക്കൂളിലെ മക്കൾ....

ഷൈമ : അതെ, എന്ത് സംശയവും അവർ തീർത്തുതരും.

നല്ല ക്ലാസാണെന്ന് ഗംഗാധരൻ മാഷ് പറഞ്ഞിട്ടുണ്ട്

മാധവി: എന്തു ചെയ്യാം, നാണം കെടേണ്ടി വരുമോ?

ഷൈമ: ഈ അമ്മ എന്താ നെഗറ്റീവായി ചിന്തിക്കുന്നു. ഞാൻ പോകെട്ടേ..... ഇതാ ഫോൺ



ഷൈമ : ഒന്നുമറന്നുപോയി. ഫോൺ ഓണാക്കണമെങ്കിൽ പാസ് വേട് ചോദിക്കും. എൽ എന്നു പറഞ്ഞാൽ മതി. കൈകാണിക്ക്, ഞാൻ എഴുതി തരാം

മാധവി: പോടീ, നീ എന്നെ മറവി രോഗിയാക്കുന്നോ?

ഷൈമ: ശരി അമ്മേ... ബെസ്റ്റ് വിഷസ്.

ഷൈമ പോകുന്നു. മാധവി ആശങ്കാഹൃദയത്തോടെ സ്ക്കൂളിലേക്ക് പോകുന്നു.

മാധവിയമ്മയെ കണ്ട ഉടനെ ഹെഡ്മിസ്ട്രസ് വിലാസിനി ടീച്ചർ അവരെ സ്വാഗതം ചെയ്ത് കസേരയിലിരുത്തി

വിലാസിനി ടീച്ചർ: മാധവിയമ്മേ സുഖം തന്നെയല്ലേ..... കണ്ടിട്ട് കുറെ നാളായല്ലോ......

ഷൈമ ......?



മാധവി : ഓള് പാറുവേട്ടിന്റെ കൂടെ കണ്ണ് കാണിക്കാൻ സഹകരണേൽ പോയിന്
വിലാസിനി ടീച്ചർ: ഓർക്ക് തിമിരെന്നു പറയുന്നുണ്ടായിരുന്നു
മാധവി: അതെ....



എല്ലാവരും ഒന്നാം നിലയിലേക്ക് പോകാൻ തുടങ്ങി. ഷട്ടറുകൾ കൊണ്ട് വേർതിരിച്ച ക്ലാസുകൾ വലീയൊരു ഹാളാക്കി മാറ്റി. പി ടി എ പ്രസിഡന്റ് മനേജർ പ്രധാന അധ്യാപിക വേദിയിൽ ഉപവിഷ്ഠരായി. എ ഐ ബോധവൽക്കരണ ക്ലാസിന്റെ ഔപചാരികമായ ഉൽഘാടനം പ്രധാന അധ്യാപിക ശ്രീമതി വിലാസിനി ടീച്ചർ നിർവ്വഹിച്ചു.



പ്രൊജക്റ്ററിൽ നിന്നും വെള്ള വെളിച്ചം സ്ക്രീനിൽ പതിഞ്ഞു സർവ്വം എ.ഐമയംലിറ്റിൽകൈറ്റ്സ്
ഇളമ്പച്ചി സ്കൂളിലെ
കുട്ടികൾ AI എന്താണെ ന്നറിയമോ എന്നു ചോദിച്ചു.
മാധവിയമ്മയുടെ മനസ്സിൽ തെളിഞ്ഞു വന്നത് A ഒന്നാമത്തെ തും I ഒൻപതാമത്തെയും ഇംഗ്ലീഷ് അക്ഷരം . അബദ്ധങ്ങൾ വരുത്തരുതെന്ന് വിചാരിച്ച് മാധവിയമ്മ മിണ്ടാതിരുന്നു. കുട്ടികൾ AI നിർമ്മിത ബുദ്ധിയാണെന്ന് പറഞ്ഞപ്പോൾ മാധവിയമ്മക്കൊരു സംശയം ബുദ്ധി നിർമ്മിക്കാൻ കഴിയുമോ? തനിയേ ഉണ്ടാകേണ്ടതല്ലേ? പക്ഷേ മിണ്ടിയില്ല സ്ക്രീനിൽ ചിത്രങ്ങൾ തെളിഞ്ഞു. ലോക പ്രശസ്ത ചിത്രകാരനായ രാജാ രവിവർമ്മയുടെ ചിത്രങ്ങൾ. മനുഷ്യരേപ്പോലെ അവനടക്കുന്നു ഊഞ്ഞാലാടുന്നു. മാധവിയമ്മക്ക് തന്റെ കണ്ണിനെ വിശ്വസിക്കാൻ കഴിയുന്നില്ല. അവർ കണ്ണടച്ച് തുറന്നു..... മാറ്റമില്ല ........
കുട്ടികൾ സ്വയം പരിചയപ്പെടുത്തി. എല്ലാവരും ഫോൺ ഓണാക്കി. മാധവിയമ്മയ്ക്കറിയില്ല.
മാധവി: മോളേ മേധാ ഇതൊന്ന് തുറന്നു തരു
മേധ: അമ്മയ്ക്ക് എന്നെ എങ്ങനെ മനസ്സിലായി?
മാധവി : എന്റെ മോള് ഷൈമ നിങ്ങളെല്ലാരേം പേര് പറഞ്ഞിന് . മറന്നുപോയി .നമ്മുടെ നർമ്മദ സമര നായിക മേധാപട്കറുടെ പേര് ഓർത്തു പോയി
മേധ: അമ്മേ പാസ് വേഡ് ?
മാധവി: എല്ല് മോളേ.
മേധഫോൺ ഓൺ ചെയ്ത് സ്ക്രീനിലെ പക്ഷിയെ ഫോക്കസ് ചെയ്തു. മാധവിയമ്മ ക്ലിക്ക് ചെയ്തു. ഫോണിൽ പക്ഷിയുടെ ചിത്രം തെളിഞ്ഞു. ഫോട്ടോ എടുക്കാൻ കഴിഞ്ഞതിൽ മാധവിയമ്മയുടെ മുഖത്ത് പ്രസരിപ്കാണാം

സ്ക്രീനിൽ തെങ്ങിൽ വാഴക്കുല മാധവിയമ്മ ശ്രദ്ധിച്ചു നോക്കി. തേങ്ങാക്കുലക്ക് പകരം വാഴക്കുല എന്തൊരാശ്ചര്യം കഴിഞ്ഞ കൊല്ലം അമ്പുവേട്ടന്റെ വാഴക്ക് മൂന്ന് കൂമ്പ് വന്നത് കണ്ടിരുന്നു. ഇത് തെങ്ങിൽ ........ ഇതൊക്കെ AI ടൂളുകൾ ഉപയോഗിച്ച് പ്രോംപ്റ്റുകൾ നൽകി ഉണ്ടാക്കി കബളിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് അന്വർത്ഥയും സൻമയയും ചേർന്ന് പറഞ്ഞു.



ക്ലാസ് കഴിഞ്ഞു ചായ കുടിച്ച ശേഷം പോയാൽ മതി എന്ന് വിലാസിനി ടീച്ചർ പറഞ്ഞു. മാധവിയമ്മ കുട്ടികൾക്കൊപ്പം ചായ കഴിക്കുന്നു.

മാധവി: മക്കളെ നിങ്ങളെന്തിന് എന്നെ അമ്മ എന്നു വിളിച്ചത് വല്ല്യമ്മ എന്ന് വിളിച്ചൂടേ ..?

ദർശന: അമ്മയുടെ മനസ്സ് ഇപ്പോഴും ചെറുപ്പമാണ്

കുട്ടികളോടും വിലാസിനി ടീച്ചറോടും വിട ചോദിച്ച് സന്തോഷത്തോടെ മാധവിയമ്മ വീട്ടിലേക്ക് യാത്ര തിരിച്ചു.

വീട്ടിൽ എത്തിയപ്പോൾ അവിടെ ഷൈമ എത്തിയിരുന്നു

മാധവി: പോയിട്ടെന്തായി?

ഷൈമ: ഡോക്ടറെ കണ്ടു. തിമിരമാണ് ഓപ്പറേഷൻ വേണം മെല്ലെ മതി എന്നു പറഞ്ഞു. പിന്നെ അമ്മേ ക്ലാസ് എങ്ങനെ ?

മാധവി: അടിപൊളി. നിനക്ക് ഡാൻസ് കളിക്കാനറിയാമോ?

ഷൈമ: ഇല്ല പാട്ടുപാടാൻ പറ്റും

മാധവി: മോളെ നിന്നെക്കൊണ്ട് ഞാൻ ഡാൻസ് കളിപ്പിക്കുന്നത് കാണണോ?

ഷൈമ: കാണണം

മാധവി:ഡാൻസ്കണ്ടാൽ മതി അതിന്റെ താഴെ എഴുതിയത് വായിക്കരുത്

ഷൈമ: എ ഐ ജനറേറ്റഡ് കണ്ടൻറ് എന്നല്ലേ.......?

മാധവി: ഞാൻ മരത്തിൽ കാണുന്നത് നീ..............



എം ജി ധരൻ തൃക്കരിപ്പൂർ



# ഉറ്റ സുഹൃത്തുക്കൾ
ചെറുകഥ

ഒരു ദിവസം സിദ്ധാർത്ഥും അച്ഛനും കൂടി ഒരു തൊടിയിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് സിദ്ധാർത്ഥ് ഒരു കാര്യം ശ്രദ്ധിച്ചത്. താൻ സ്നേഹിച്ചു താലോലിച്ചു വളർത്തിയ തന്റെ റോസാച്ചെടിയിൽ ഒരു കുഞ്ഞു റോസാപ്പൂ! അവൻ അതിനെ കണ്ടും ആസ്വദിച്ചും കൊണ്ടിരിക്കെ പെട്ടെന്ന് അടുത്തുണ്ടായിരുന്ന മാവിൽ നിന്നും എന്തോ ഒന്ന് റോസാച്ചെടിക്ക് മുകളിൽ വീണു.

എന്താണെന്നറിയാൻ സിദ്ധാർത്ഥും അച്ഛനും അങ്ങോട്ട് ചെന്നു. നോക്കുമ്പോൾ അതാ മാവിൻ ചുവട്ടിലെ പുൽത്തകിടിയിൽ ഒരു അണ്ണാൻകുഞ്ഞ്. റോസാച്ചെടിയിൽ വീണതിനാൽ മുള്ളു കൊണ്ട് പരിക്കേറ്റിട്ടുണ്ട്.



അച്ഛൻ പറഞ്ഞു: "സിദ്ധു അതിന് നല്ല പരിക്കുണ്ട്. വീട്ടിൽ കൊണ്ടുപോയി മരുന്നു വെച്ചു കൊടുക്കാം." സിദ്ധു ശരിവെച്ചു. വീട്ടിലെത്തി മരുന്നു വെച്ച് മുറിവ് കെട്ടിക്കൊടുത്ത സിദ്ധുവിന് സന്തോഷമായി. എല്ലാ ദിവസവും അതിന് ആഹാരം കൊടുക്കുകയും പരിചരിക്കുകയും ചെയ്യുന്നത് സിദ്ധുവിന് ശീലമായി.

ക്രമേണ അവർ കൂട്ടുകാരായി മാറി. പതിയെ അണ്ണാന്റെ പരിക്കുകളെല്ലാം മാറി. അച്ഛന്റെ നിർദ്ദേശപ്രകാരം അണ്ണാനെ അതിന്റെ വീട്ടിലേക്ക് തിരിച്ചയക്കാൻ മനസ്സില്ലാമനസ്സോടെ സിദ്ധു തീരുമാനിച്ചു.



അങ്ങനെ അതിനെ മാവിൻ കൊമ്പിലേക്ക് തിരിച്ചുവിട്ട് സിദ്ധു വീട്ടിലേക്ക് നടന്നു. അണ്ണാൻ അതിന്റെ കുടുംബത്തെ കണ്ടെത്തുമോ എന്നായിരുന്നു സിദ്ധുവിന്റെ പേടി.


കുറച്ചു ദിവസത്തിനുശേഷം അണ്ണാൻ കുഞ്ഞ് തന്റെ കുടുംബത്തോടൊപ്പം സിദ്ധുവിനെ കാണാൻ അവ വീടിന്റെ വീട്ടുമതിലിന്മേൽ എത്തി. ശബ്ദം കേട്ട് സിദ്ധു പോയി നോക്കി. അങ്ങനെ അണ്ണാൻ ഇതൊരു ശീലമാക്കി മാറ്റി.

## അൻമയ
8-ബി



# <u>അർഷിദയുടെ വരപ്പുകൾ</u>





# മഴപ്പാട്ട്

കവിത

മഴവന്നു ടിപ്പിടി ടിപ്പ്,
മണ്ണിന് മേൽ തുള്ളി നൃത്തം ചിപ്പ്!
മേലത്തെ മേഘം ചിരിച്ചു നോക്കും,
കുഞ്ഞുമഴ തൂവൽ പോലെ ചൊരിയും.

കുട തുറന്ന് കുട്ടികൾ ചിരിക്കും,
കുളത്തിലേക്ക് പേപ്പർ ബോട്ട് തിരക്കും,
ചെറുപുഴകൾ ഓടി പാട്ടുപാടും,
പച്ചിലകൾ കുളിച്ചു തിളങ്ങും.

മിന്നൽ വരും ഒന്നു തെളിഞ്ഞു,
ഇടി പറയും "ടും ടും" എന്നു,
അമ്മ വിളിക്കും "അകത്ത് വാ നീ",
കുഞ്ഞ് പറയും "ഇനി ഒരു നിമിഷം, അമ്മേ!"

മഴക്കാലം മധുരമായൊരു ഗാനം,
കുട്ടികളുടെ മനസ്സിൽ സന്തോഷ നൃത്തം.





# വൈഖരിയുടെ 3 ആസ്വാദനക്കുറിപ്പുകൾ

## രാത്രി 12ന് ശേഷം

ഞാൻ വായിച്ച രാത്രി 12ന് ശേഷം എന്ന നോവൽ വളരെ ഇഷ്ടപ്പെട്ടു. സസ്പെൻസും കൗതുകവും നിറഞ്ഞ ഒരു വായനാനുഭവം ഈ പുസ്തകം എനിക്ക് നൽകി.

ഈ നോവലിലെ പ്രധാന കഥാപാത്രം വനിത സേവിയർ ആണ് . ഒരു രാത്രി വീട്ടിലേക്ക് മടങ്ങുമ്പോൾ അവളുടെ ജീവിതത്തിൽ സംഭവിക്കുന്ന അപ്രതീക്ഷിത സംഭവങ്ങളാണ് കഥയുടെ തുടക്കം. അതിനുശേഷം ഉണ്ടാകുന്ന നിഗൂഢ സംഭവങ്ങളും ദുരൂഹതകളും വായനക്കാരിൽ ആകാംക്ഷ ഉണ്ടാക്കുന്നു.




സിദ്ധാർത്ഥ കഥാപാത്രവും കഥയെ കൂടുതൽ രസകരമാക്കുന്നു. ഓരോ അധ്യായവും വായിക്കുമ്പോൾ പിന്നെ എന്ത് സംഭവിക്കും എന്ന് അറിയാൻ കൂടുതൽ ആകാംക്ഷ തോന്നി. രാത്രിയുടെ നിശബ്ദതയും ഭയവും രഹസ്യങ്ങളും എഴുത്തുകാരൻ വളരെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്.

ചില ഭാഗങ്ങൾ വായിക്കുമ്പോൾ പേടിയും ചില ഭാഗങ്ങൾ വായിക്കുമ്പോൾ അത്ഭുതം തോന്നി. എങ്കിലും കഥ വളരെ ആകർഷകമായി മുന്നോട്ടുപോകുന്നു. ഈ നോവൽ വെറും കഥ മാത്രമല്ല ധൈര്യം, അന്വേഷണം, സത്യാന്വേഷണം എന്നിവയുടെ കഥ കൂടിയാണ് .

പ്രശ്നങ്ങൾ വന്നാലും ധൈര്യത്തോടെ നേരിടണം എന്ന സന്ദേശവും ഈ പുസ്തകം നൽകുന്നു. ലളിതമായ ഭാഷയും സംഭവങ്ങളുടെ ആവേശകരമായ അവതരണവും ഈ നോവലിനെ കൂടുതൽ വായന സുഖമുള്ളതാകുന്നു.

തുടക്കം മുതൽ ഒടുക്കം വരെ വായനക്കാരെ പിടിച്ചിരുത്തുന്ന നല്ലൊരു നോവലാണിത്...



വൈഖരി

# റാം c/o ആനന്ദി

അഖിൽ പി ധർമ്മജന്റെ റാം കെയർ ഓഫ് ആനന്ദി എന്ന നോവൽ വളരെ ആസ്വാദകരമായി അനുഭവപ്പെട്ടു . പ്രണയവും സൗഹൃദവും യാത്രയും ജീവിതപാഠങ്ങളും നിറഞ്ഞ വളരെ മനോഹരമായ നോവൽ ആണിത്.

വായിക്കുമ്പോൾ ഒരു സിനിമ കാണുന്ന അനുഭവം തന്നെയാണ് അതിനാൽ ഈ നോവൽ ഏറെ ജനപ്രിയമാവുകയും ചെയ്തു ഈ നോവലിലെ പ്രധാന കഥാപാത്രം റാം ആണ് സ്വപ്നങ്ങളുമായി ജീവിക്കുന്ന ഒരു യുവാവാണ് റാം ആനന്ദി എന്ന കഥാപാത്രം കഥയ്ക്ക് പുതുമയും ഭംഗിയും നൽകുന്നു .

റാമിന്റെയും ആനന്ദിന്റെയും സൗഹൃദവും സ്നേഹവും വായനക്കാരനെ മനസ്സിൽ തൊടുന്നു കഥയിൽ മല്ലി എന്ന കഥാപാത്രവും എന്നെ ഏറെ സ്വാധീനിച്ചു കാരൻ സൗഹൃദത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും മഹത്വം കാണിച്ചു തരുന്നു.

ഓരോ കഥാപാത്രത്തിനും കഥയിൽ പ്രത്യേക പ്രാധാന്യമുണ്ട് ഈ നോവൽ വെറും പ്രണയകഥ മാത്രമല്ല ജീവിതത്തിൽ സ്വപ്നങ്ങൾ പിന്തുടരേണ്ടതിന്റെ ആവശ്യകതയും മനുഷ്യ മനുഷ്യ ബന്ധങ്ങളുടെ ഇത് മൂല്യവും ഇത് പഠിപ്പിക്കുന്നു ചില ഭാഗങ്ങൾ സന്തോഷം നൽകുകയും ചില ഭാഗങ്ങൾ വിഷമിപ്പിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് കഥ ഹൃദയത്തിൽ തങ്ങിനിൽക്കുന്നു ലളിതവും മനോഹരവുമായ ഭാഷയാണ് ഈ നോവലിന്റെ പ്രത്യേകത സംഭവങ്ങൾ ആവേശകരമായ പുസ്തകം അവസാനിക്കും വരെ താല്പര്യത്തോടെ വായിക്കാൻ തോന്നും സൗഹൃദവും സ്നേഹവും ജീവിതവും എല്ലാം മനോഹരമായി പറയുന്ന നല്ലൊരു നോവലാണ് റാംc/oആനന്ദി.






വൈഖരി

# ഏറ്റവും പ്രിയപ്പെട്ട എന്നോട്

നിമ്ന വിജയ് എഴുതിയ ഏറ്റവും പ്രിയപ്പെട്ട എന്നോട് എന്ന നോവൽ ഞാൻ വളരെ താല്പര്യത്തോടെ വായിച്ചു. പേര് പോലെ തന്നെ നമ്മളെ തന്നെ കൂടുതൽ മനസ്സിലാക്കാനും സ്നേഹിക്കാനും പഠിപ്പിക്കുന്ന മനോഹരമായ കൃതിയാണിത്.
ഈ നോവലിലെ പ്രധാന കഥാപാത്രം ഞാൻ തന്നെയാണ് സ്വന്തം മനസ്സിനോട് ഓർമ്മകളോടും ജീവിതാനുഭവങ്ങളോടും നടത്തുന്ന സംഭാഷണങ്ങളിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്.

ജീവിതത്തിൽ വിഷമങ്ങളും സന്തോഷങ്ങളും പ്രതീക്ഷകളും നിരാശകളും ഉണ്ടെങ്കിലും അവയെ മറികടന്ന് സ്വയം കണ്ടെത്താൻ ആവുമെന്ന് ഈ നോവൽ നമ്മെ പഠിപ്പിക്കുന്നു .




കഥാപാത്രത്തിന്റെ ചിന്തകളും അനുഭവങ്ങളും വായിക്കുമ്പോൾ നമ്മളും സ്വന്തം ജീവിതത്തിന്റെ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചു പോകുന്നു സൗഹൃദം സ്നേഹം കരുണ ആത്മവിശ്വാസം തുടങ്ങിയ നല്ല മൂല്യങ്ങൾ ഈ നോവലിൽ കാണാം.

എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് ഞാൻ തന്നെയാണ് എന്ന തിരിച്ചറിവിലേക്കാണ് നോവൽ നമ്മെ നയിക്കുന്നത് വളരെ ഇഷ്ടമായി ലളിതവും ഹൃദയസ്പർശിവായ ഭാഷയാണ് ഈ നോവലിന്റെ പ്രത്യേകത ചില ഭാഗങ്ങൾ വായിക്കുമ്പോൾ സന്തോഷവും ചില ഭാഗങ്ങൾ വായിക്കുമ്പോൾ വിഷമം തോന്നി .പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ സ്വയം സ്നേഹിക്കേണ്ടതിന്റെ പ്രാധാന്യം ഞാൻ മനസ്സിലാക്കി ഈ നോവൽ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.



വൈഖരി

# തൃക്കരിപ്പൂർ പുരാണം

## ഗവേഷണം

ഓരോ ദേശത്തിനും അതിന്റേതായ സംസ്കാരവും ചരിത്രവും ഉണ്ട്. ആദിമ ജീവിതത്തിന്റെ വിശാലമായ ഭൂപ്രദേശങ്ങളിൽ ങ്ങളിൽ നിന്ന് ആധുനിക ജീവിതത്തിന്റെ ആകാശങ്ങളിലേക്ക് നാം വളർന്നിട്ടുണ്ട്. എങ്കിലും സ്ഥലനാമം, ഭൂപ്രകൃതി, മനുഷ്യരുടെ ഇടപെടൽ രീതികളും സാമൂഹികമായ പെരുമാറ്റവും ആചാരാനുഷ്ഠാനങ്ങൾ വാണിജ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ ധാരാളം അടയാളങ്ങൾ ഓരോ പ്രദേശത്തിന്റെയും സാംസ്കാരിക മുദ്രയായി കാണാം. സമ്പന്നമായ ദേശപ്പഴമയുണ്ട്.



## സ്ഥലനാമം

കേരളത്തിന്റെ നാട്ടു ജീവിതത്തിന്റെയും സംഘടിതമായ വിശ്വാസത്തെയും രേഖപ്പെടുത്തിയ പട്ടോല പെരുമ പൊരുളാണ് കേരളോല്പത്തി. തൃക്കരിപ്പൂർ ദേശത്തിന്റെ ഉല്പത്തിപുരാണവും അതിനോട് കടപ്പെട്ടിരിക്കുന്നു. ദേശ ക്ഷേത്രത്തിന്റെയും സ്ഥല ദേവതയുടെയും ഉപദേവതയുടെയും ഉത്ഭവകഥ കൂടിയാവും ദേശോല്പത്തി പുരാണം. തൃക്കരിപ്പൂർ എന്ന സ്ഥലനാമത്തിന്റെ വ്യുല്പത്തി സംബന്ധിച്ച് കേരള മഹാത്മ്യത്തിലും ചില സൂചനകളുണ്ട്. ഭാർഗവ പുഷ്കര പ്രശ്നോത്തര വർണ്ണന എന്ന ഇരുപത്തിമൂന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്ന ,കരിപുരം, തൃക്കരിപ്പൂരിന്റെ ആദ്യ നാമം എന്നാണ് വ്യാഖ്യാനം.




ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഊരുചുറ്റുന്നതിനിടയിൽ ഏഴുമലയ്ക്ക് വടക്ക് ഭാഗത്ത് താമരക്കുളം പരശുരാമന്റെ ദൃഷ്ടിയിൽ പെടുകയും അവിടെ ചക്രപാണി പ്രതിഷ്ഠ നടത്തി കരിം എന്ന പട്ടണം നിർമ്മിച്ചു എന്നതാണ് ഐതിഹ്യം . പരശുരാമൻ പണിത ഗജശാലയാണ് കരിപുരം . (കരി -ആന) എന്നും പറയുന്നു. ശ്രീ കരിപുരം തിരുകരിപുരം തൃക്കരിപ്പൂർ ആയതാകാം. തിരു എന്ന ശബ്ദത്തിന് പവിത്രമായ പുണ്യമായ എന്നൊക്കെയാണ് ഭാഷാ നിഘണ്ടുകളിലെ അർത്ഥം .ശ്രീചക്രപാണിയൂര് കാലാന്തരത്തിൽ ലോപിച്ച് തൃക്കരിപ്പൂർ അയതാകാം. പയ്യന്റെ ഊര് പയ്യന്നൂർ ആയതുപോലെ . കൗതുകമുള്ള കാര്യം തൃക്കരിപ്പൂർ എന്ന് ഒരു നിശ്ചിത കേന്ദ്രത്തിന് പേരില്ല എന്നതാണ് .അതൊരു ഗ്രാമപഞ്ചായത്താണ്. തെക്കേ തൃക്കരിപ്പൂർ വടക്കേ തൃക്കരിപ്പൂർ എന്നീ രണ്ട് വില്ലേജുകൾ ഉണ്ട്. പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലവും ഇന്നത്തെ ടൗണും നീലബം/ കൂലേരിയാണ്.



തെക്കേ തൃക്കരിപ്പൂരിന്റെ സിരാകേന്ദ്രമാണ് ഇളമ്പച്ചി. 'എളമ്പ' എന്നത് കുറ്റിച്ചെടിയെന്ന് പഴയ മലയാളം. കുറ്റിച്ചെടികൾ നിറഞ്ഞ പ്രദേശമായിരിക്കാം ഇത്. താഴെക്കാട്ടെ മനയുടെ ആസ്ഥാനം ഇവിടെയാണ് . അതുമായി ബന്ധപ്പെട്ടാണ് ഇളമ്പച്ചിയും അതിനുചുറ്റുമുള്ള സ്ഥലങ്ങളും ഉയർന്നുവന്നത്. വലിയ ജന്മിയായിരുന്ന താഴക്കാട്ടെ മനയുടെ ക്ഷേത്രങ്ങളിൽ ഒന്നാണ് തിരുവമ്പാടി. അതിന്റെ തെക്ക് ഭാഗത്തുള്ള ;പാടാ'ണ് തെക്കുമ്പാട്.



കാലക്രമേണ ചില സംഭവങ്ങളുടെയും സ്മരണകളുടെയും ഭാഗമായി ചില പേരുകൾ രൂപപ്പെടുന്ന അനുഭവമുണ്ട്. ഇന്നത്തെ ഇളമ്പച്ചി സ്കൂളും ബസ്സ്റ്റോപ്പ് നിൽക്കുന്ന സ്ഥലം 'ഘെരാവോ മുക്കാണ്'. ബസ്സുകൾ യഥേഷ്ടം ഇല്ലാതിരുന്ന കാലത്ത് ജീപ്പുകളും വാനുകളുമായിരുന്നു യാത്രക്കാരുടെ ആശ്രയം . തൃക്കരിപ്പൂർ പയ്യന്നൂർ റൂട്ടിൽ സർവീസ് നടത്തിയിരുന്ന ഇത്തരം വാഹനങ്ങളിൽ ചിലത് മേലോത്ത് വീട്ടുകാരുടെതായിരുന്നു. അവർ ഒരുനാൾ യാത്രാനിക്ക് വർദ്ധിപ്പിച്ചപ്പോൾ നാട്ടുകാർ പ്രതിഷേധിച്ച് സമരം ചെയ്തു. അങ്ങനെ ഇളമ്പച്ചി ഘെരാവോ മുക്കായി. ഇതിന്റെ വടക്കുഭാഗം എന്നറിയപ്പെടുന്നു ഇവിടുത്തെ പ്രധാന തറവാട്ടുകാരനായ ബാക്കിരി കുഞ്ഞഹമ്മദ് ഹാജിയുടെ പ്രാമാണികതയും ജനകീയതയും ആണ് ഈ പേരിന് പിന്നിൽ. ഈ രണ്ടു മുക്കുകൾക്കിടയിൽ മൈതാനം =കളിസ്ഥലം അവശേഷിപ്പായി മിനി സ്റ്റേഡിയം നിലകൊള്ളുന്നു . മൈതാനി എന്ന ഉറുദുപദത്തിന് മയ്യത്തിന്റെ താരം എന്നർത്ഥം. മൈതാനി പള്ളിയിൽ ഖബർ സ്ഥാനം മിനിസ്റ്റേഡിയത്തിന് കിഴക്ക് സ്മശാനങ്ങളുമുണ്ട്.

ഇങ്ങനെ സ്ഥലനാമ ചരിത്രം മാത്രം വിശദമായ ലേഖനത്തിലുള്ള വകയാണ് .പഴയ ഒരു പാട്ടിൽ പറയുന്നത് ധിക്കാരമേറുന്ന തൃക്കരിപ്പൂർ തക്കാളിരുന്ന പയ്യന്നൂർ എന്നാണ്. ഈ നാട്ടാരുടെ ഭാവവും രൂപവും ആകാം പാട്ടിലും നിഴലിക്കുന്നത്.ധിക്കാരികളാകാൻ എന്തെല്ലാം കാരണങ്ങൾ തൃക്കരിപ്പൂർകാർക്കുണ്ട് . നാടിന്റെ അഭിമാന ചിഹ്നങ്ങളാണ് അവ.

## ഭൂപ്രകൃതി

തൃക്കരിപ്പൂരിൽ നിന്നും ഏകദേശം പത്ത് കിലോമീറ്റർ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏഴിമലയുടെ തീരപ്രദേശങ്ങളിൽ അനാമൃതമായി കിടക്കുന്ന പാറക്കൂട്ടങ്ങൾ ഡി കാമ്പ്രിയൻ കാലഘട്ടത്തിലേതാണ്. ഇതിൽ നിന്നും ഏഴിമല തൃക്കരിപ്പൂർ പ്രദേശങ്ങൾ ലക്ഷക്കണക്കിന് വർഷം മുമ്പ് തന്നെ ഭൗതിക രൂപം കൊണ്ടിരുന്നു എന്ന് അനുമാനിക്കാം. മരുതം , നെയ്തൽ എന്നിവ തൃക്കരിപ്പൂരിലെ പല ഭാഗങ്ങളിലും മുമ്പേ ദൃശ്യമായതിൽ നിന്നും ഇവിടുത്തെ ഭൂപ്രകൃതിയിലും ജീവിതവ്യവസ്ഥയും വളരെ പ്രാചീനമാണെന്ന് വ്യക്തമാണ്.



മൂന്നായി തരംതിരിച്ച് കേരളത്തിന്റെ ഭൂപ്രകൃതിയിൽ തീരപ്രദേശം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണ് തൃക്കരിപ്പൂർ.

പൗരാണിക കാലത്ത് ഇന്നത്തെ ഓണക്കുന്നിലെ ചെങ്കൽ പാറ വരെ അറബിക്കടൽ വ്യാപിച്ചിരുന്നുവെന്ന് ഭൂമിശാസ്ത്ര ഗവേഷകർ പറയുന്നു. കഠിനമായ കാലാവസ്ഥാ വ്യതിയാനം മൂലം കടൽ പിൻവാങ്ങിയതാണ് . ഇന്ന് കാണുന്ന സ്ഥിതി സംജാതമായിട്ട് ആയിരം വർഷമേ ആയിട്ടുള്ളൂ. തീരദേശമായതുകൊണ്ട് ഈ സ്ഥലങ്ങളിൽ മണൽ (പൂഴി) മണ്ണാണ് കൂടുതലായി കാണപ്പെടുന്നത് . പുഴയോട് ചേർന്ന പ്രദേശങ്ങളിൽ ചെളിനിറഞ്ഞ എക്കൽ മണ്ണും കൈപ്പാടുകളും ഉണ്ട് . തൃക്കരിപ്പൂർ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഉപദ്വീപിന്റെ രീതിയിലാണ്. പടിഞ്ഞാറ് കവ്വായി കായലും കിഴക്ക് കുനിയൻ പുഴയും തെക്ക് കിഴക്ക് ഭാഗത്തായി ഉളിയും/ഒളവറ പുഴയും ആണുള്ളത്.



കടലിന്റെയും കായലിന്റെയും കരയേറ്റം തടയുന്ന നിലയിൽ മണൽത്തിട്ടകൾ പലയിടത്തും ഉണ്ടായിരുന്നു. മെട്ടമ്മൽ, കുഞ്ഞിമെട്ട തുടങ്ങിയ സ്ഥല നാമങ്ങൾ ഇത്തരം മണൽത്തിട്ടകളുടെ തെളിവാണ്. അനിയന്ത്രിതമായ മണൽഖനനം മൂലം നഷ്ടമായത് ശുദ്ധജല സ്രോതസ്സുകളാണ്.

ജലസമ്പത്തിനാൽ സമൃദ്ധമായിരുന്നു തൃക്കരിപ്പൂർ. അറബിക്കടൽ, കവ്വായി കായൽ, ഒളവറ/ ഉളിയം പുഴ, കുണിയൻ പുഴ, വെള്ളൂർപുഴ, ചെറിയ ചാൽ, കഞ്ചിയലിൽ തോട് ,താമരക്കുളം ഇങ്ങനെ പുഴകളും നീർച്ചാലുകളും തൃക്കരിപ്പൂരിന്റെ പല ഭാഗങ്ങളിലും പരന്നൊഴുകിയിരുന്നു. ഇന്ന് അവയെല്ലാം നാമാവശേഷമാണ്. ഇവിടുത്തെ ഭൂവിസ്തൃതിയിൽ നല്ലൊരു ശതമാനവും തണ്ണീർ തടങ്ങൾ ആയിരുന്നു. താമരക്കുളം 3 3 ഏക്കറിൽ അധികം വിസ്തൃതി ഉള്ളതായിരുന്നു. മത്സ്യ സമ്പത്ത് കൊണ്ട് സമ്പന്നമായ കവ്വായിയിൽ മുതലകൾ പുളച്ചു നടന്നതായി 'മലബാർ മാന്വലിൽ' പറയുന്നു.

കായലിൽ ബണ്ടുകളുടെ നിർമ്മാണം അതിന്റെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുണ്ട്. മലിനീകരണം മൂലം ഇളമ്പക്ക, കക്ക പോലുള്ളവ ഇവിടെനിന്ന് അപ്രത്യക്ഷമായി തുടങ്ങി. ജലസമൃദ്ധി കുറഞ്ഞു വരികയാണ് .കയ്യേറ്റത്തെ തുടർന്ന് കായലും പുഴയും നേർത്തു വന്നു. ചില തോട് തീരെ ഇല്ലാതെയായി.

## കാവുകൾ

ഉത്തര കേരളത്തിലെ വലിയ കാവുകളിൽ ഒന്നാണ് ഇടയിലക്കാട് കാവ്. 12 എക്കറോളം വരുന്ന കൊച്ചുകാട് സസ്യ വൈവിധ്യം കൊണ്ടും പക്ഷികൾ, കുരങ്ങുകൾ തുടങ്ങിയവയുടെ സാന്നിധ്യത്താലും ശ്രദ്ധേയമാണ്. ഒളവറ മുണ്ട്യക്കാവ്, കൊയാങ്കര പൂമാലക്കാവ് തോട്ടുമുണ്ട്യക്കാവ് , ഉണുക്കൂർക്കാവ് എന്നിവ ഇന്നും നിലനിൽക്കുന്ന കാവുകളാണ്. ചക്രവാണി ക്ഷേത്രത്തിലും ഒരു കാവുണ്ട് . നാടിന്റെ ജീവനാഡികളായവർത്തിക്കുന്ന ഈ ഹരിതോദ്യാനങ്ങളെ സംരക്ഷിക്കുന്നതിന് കൂട്ടായ പ്രവർത്തനം ആവശ്യമാണ്.



തലിച്ചാലം തണ്ണീർത്തടം ചെറുപക്ഷികളുടെ സങ്കേതമാണ്. കൊക്കുകളുടെ കൂട്ടം ഇവിടെ കാണാം. നീർകാക്കകളെയും ദേശാടന പക്ഷികളെയും കാണാം. തലിച്ചാലം അണക്കെട്ട് മുതൽ ഒളവറ പാലം വരെ കണ്ടൽക്കാടുകളും ഉണ്ട് .തണ്ണീർത്തടങ്ങളിലെ ആവാസവ്യവസ്ഥയാണ് കണ്ടൽക്കാടുകൾ.



## വയലും കൃഷിയും

പോയ കാലത്ത് തൃക്കരിപ്പൂർ കാർഷിക സമൃദ്ധിയാൽ സമ്പന്നമായിരുന്നു വിസ്തൃതമായ നെൽവയലുകൾ ഉണ്ടായിരുന്നു. ആയിറ്റി ഭാഗത്തെ കുട്ടനാടി പാടശേഖരം എടാട്ടുമ്മൽ ഭാഗത്തെ ഈച്ചയം വയൽ, പൊള്ളയിൽ വയൽ, കാവിന്റെ മെട്ട, പാടിയിൽ- തട്ടാർക്കാവ് പുഴകളുടെ തീരം എന്നിവയാണ് അവശേഷിക്കുന്ന വായലുകൾ. കുണിയൻ പുഴയുടെ സമീപത്താണ് കോയോങ്കര, ഈയ്യക്കാട്, വൈക്കത്ത് എന്നിവിടങ്ങളിലും നെൽകൃഷിയുണ്ട്.

നെല്ലിന് പുറമേ തെങ്ങാണ് മുഖ്യ കൃഷി. പടിഞ്ഞാറ് ഭാഗത്ത് തെങ്ങ് കൃഷി സമൃദ്ധമാണ് .മറ്റു കൃഷിയും ഇതര മരങ്ങളും കാണാം .കൃഷി വിട്ടൊരു കാര്യം പഴയ കാലത്ത് ഉണ്ടായിരുന്നില്ല. നിറയും പറയും പുത്തരിയും കാലിച്ചാനൂട്ടലും ഏർപ്പും പൂരവും വിഷുവിനും ഓണത്തിനും ഇങ്ങനെ വിശ്വാസ ജീവിതത്തിന്റെ ഭാഗമായ സംഗതികൾ എല്ലാം കാർഷിക സംസ്കാരത്തിന്റെ ബാക്കി പത്രമാണ്. നടക്കാവിലും ഇളമ്പച്ചിയിലും ഉണ്ടായിരുന്ന ആഴ്ചച്ചന്തകൾ ഉത്സവങ്ങളുടെ/ കളിയാട്ടങ്ങളുടെ ഭാഗമായ കാഴ്ച വരവ് തുടങ്ങിയവയും പ്രൗഢമായ കാർഷിക സംസ്കൃതിയുടെ വിസ്തൃതമായ ചിഹ്നങ്ങളാണ്. ഇളമ്പച്ചിയിൽ ഞായറാഴ്ചയും നടക്കാവിൽ ബുധനാഴ്ചയുമാണ് ആഴ്ചച്ചന്ത നടന്നിരുന്നത്.

## ജനവാസം

തൃക്കരിപ്പൂരിന്റെ സമീപപ്രദേശങ്ങളിൽ കാണപ്പെടുന്ന മഹാശിലകൾ ആണ് ഇവിടത്തെ പ്രാചീന ജനവാസത്തിന്റെ പഴക്കമേറിയ തെളിവ്. കരിവെള്ളൂർ കൊടക്കാട് ചീമേനി പ്രദേശങ്ങളിൽ മഹാശില യുഗസംസ്കാരത്തിന്റെ അവശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ട് .ഇന്നത്തെ തേജസിനി പുഴയുടെയും കവ്വായി കായലിന്റെയും അറബിക്കടലിന്റെയും മധ്യേയുള്ള പ്രദേശങ്ങൾ ആയിരക്കണക്കിന് വർഷം മുൻപേ തന്നെ ജനവാസ കേന്ദ്രങ്ങൾ ആയിരുന്നു എന്നതിനുള്ള സൂചനയാണിത്. മരുതം, നെയ്തൽ എന്നീ ഭൂതാരങ്ങൾ തൃക്കരിപ്പൂരിന്റെ ചില ഭാഗങ്ങളിൽ ദൃശ്യമായതും പ്രാചീന ജീവിത വ്യവസ്ഥയിലേക്കുള്ള ചൂണ്ടുപലകയാണ്.കവ്വായി കായലിന്റെ തീരത്ത് പഴയ നാഗരികത നിലനിന്നിരുന്നതായി വില്യം ലോഗൻ മലബാർമാന്വലിൽ പരാമർശിക്കുന്നുണ്ട്.



സാമൂഹ്യ ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റം വലിയ പരിവർത്തന സ്വഭാവത്തോട് കൂടിയുള്ളതാണ്. മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിലെ നാലു പെരുങ്കളിയാട്ടങ്ങൾ കണ്ട മാടച്ചേരി കുംബ ഭക്ഷണം കഴിക്കുന്ന രീതിയിൽ മാത്രം വന്ന മാറ്റത്തെക്കുറിച്ച് പറയുന്നത് നോക്കുക. :1951 52 ലെ പെരുങ്കള്ളിയാട്ടത്തിൽ നിലത്ത് മണ്ണുമാന്തി കുഴിയെടുത്ത് അതിൽ ഇല വെച്ച് കഞ്ഞി വിളമ്പൽ ആയിരുന്നു . 1974 നിലത്ത് നിലവിരിച്ച് ചോറ് വിളമ്പി .1994 മരം,കവുങ്ങ് എന്നിവ കൊണ്ട് മേശയും ഇരിപ്പിടവും ഉണ്ടാക്കി ഇല വെച്ച് ചോറ് വിതരണം ചെയ്തു. 2016 പെരുങ്കളിയാട്ടത്തിൽ നാലു കറിയും ചോറും അവസാന ദിവസം വിപുലമായ സദ്യ തന്നെ" ആറേഴു പതിറ്റാണ്ടിൽ ഭക്ഷണക്രമത്തിൽ മാത്രം വന്ന മാറ്റമാണിത്. പഴയ കാലത്ത് കായക്കഞ്ഞിയും തോരപ്പുഴുക്കും (തുവര) ആയിരുന്നത് ഇന്ന് വാർത്ത കഞ്ഞിയും ചോറ് വിവിധ കറികളും ആയി. വസ്ത്രം, വസ്ത്രധാരണം, വിവാഹം, ആഭരണങ്ങൾ ഉപജീവനമാർഗങ്ങൾഎന്നു തുടങ്ങി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മാനങ്ങളിൽ ആകെ വൻ മാറ്റമാണ് ഉണ്ടായിട്ടുള്ളത്.



ആധുനിക കാലത്ത് ജാതി മത സമുദായങ്ങൾ പരസ്പരം ഇഴ ചേർന്ന് ജീവിച്ച് പോരുന്ന സാഹചര്യം കേരളത്തിലെ ഇതര പ്രദേശങ്ങൾ എന്നപോലെ തൃക്കരിപ്പൂരിലും ഉണ്ട് എങ്കിലും വിവിധ സമുദായങ്ങൾ വ്യത്യസ്ത ജനവിഭാഗങ്ങൾ ഇവിടെ രൂപപ്പെടുകയും അധിവാസമുറപ്പിക്കുകയും ചെയ്തതിന്റെ പശ്ചാത്തലം അന്വേഷണ വിധേയമാക്കേണ്ടതാണ്.



ഇവിടത്തെ പല ജാതി സമൂഹങ്ങൾക്കും പ്രാചീന ഗോത്രങ്ങളുടെ രൂപ മാറ്റങ്ങളുമായി ബന്ധമുണ്ട്. പല ജാതികളും ദ്രാവിഡ പാരമ്പര്യം വച്ചുപുലർത്തുന്നത് ഇതിന് തെളിവാണ് .സംഘകാലത്തിനു മുമ്പ് ഗോത്ര രൂപത്തിൽ നിലകൊണ്ട സമൂഹമാണ് സംഘകാലത്തും അതിനുശേഷം ചെറു ജാതികളായി പിരിഞ്ഞത് സമുദായമോ ജാതിയോ വേർതിരിവ് ആ വേർതിരിവ് ആദ്യ സംഭവങ്ങളിൽ ഉണ്ടായിരുന്നില്ല. പിന്നീട് വേർതിരിവാണ് ജാതികളെ സൃഷ്ടിച്ചത്. ആയന്മാർ മായന്മാർ രണ്ടും ഇന്നത്തെ യാദവ് മണിയാണ് വിശ്വകർമ്മജർ മൂവാരി ചാലിയ മുഖേയന്മാർ തുടങ്ങിയവർ ഒക്കെ സംഘകാലം മുതൽ ഇവിടെ പാർത്തു വന്നവരാണ്. ചക്രവാളിക്ഷേത്രത്തിന്റെ സമീപത്ത് താമസിക്കുന്ന ബ്രാഹ്മണ സമൂഹത്തിന് ക്ഷേത്രങ്ങളോളം പഴക്കമുണ്ട് .



സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന്റെ കാരാളന്മാരായ പൊതുവാളൻ മാർക്ക് താമസമൊരുക്കിയത് കൊളവറ പുഴയുടെ വടക്ക് പടിഞ്ഞാറേക്കരയിൽ ആയിരുന്നു. കൃഷിപ്പണിയിൽ ഏർപ്പെട്ട തൊഴിൽ കൂട്ടമായി പുലയരും അധിവസിച്ചു വന്നു. വിവിധ സമുദായങ്ങൾ തമ്മിലുള്ള സമന്വയത്തിന്റെയും സൗഹൃദത്തിന്റെയും

രീതിശാസ്ത്രം തൃക്കരിപ്പൂരിന്റെ സവിശേഷതയാണ്. തെയ്യം നടക്കുന്ന സമയത്ത് ബാങ്ക് വിളിയും കേൾക്കാം. മുസ്ലിം വിഭാഗത്തിൽ പെട്ടവർ തെയ്യത്തിന് എണ്ണയും പഞ്ചാര കലവും കൊടുക്കുന്നു. റെയിൽവേ സ്റ്റേഷന് പടിഞ്ഞാറ് ഭാഗത്ത് കാളീശ്വരം ക്ഷേത്ര നിർമാണത്തിനും അവിടെയുള്ള നീണ്ട പാതയ്ക്കും സ്ഥലം വിട്ടുകൊടുത്തത് ബിപിപി മുഹമ്മദ് കുഞ്ഞി പട്ടേർ മരുമകൻ ബി പി പി അബ്ദുൽ ഖാദർ തങ്കയത്തെ സി മുഹമ്മദ് കുഞ്ഞി ഹാജി എന്നിവരാണ്. കണ്ണമംഗലം കഴകം പെരും കളിയാട്ട കമ്മറ്റിയുടെ പ്രധാന ഭാരവാഹികൾ. ഒരാൾക്കാട്ട് ജമാഅത്ത് പ്രതിനിധിയാണ് ഈ പള്ളിയിൽ നിന്ന് പെരുങ്കളിയാട്ടത്തിന് പഞ്ചാര സമർപ്പിക്കുന്നത്. ചെമ്മട്ടി പള്ളി ഭൂരിപക്ഷം ഹിന്ദു വീടുകൾക്ക് സമീപമാണ് സ്ഥിതി ചെയ്യുന്നത്.



ഭരണം

ഈ ഭൂപ്രദേശത്തിന്റെ ഭരണഭാരം നിയന്ത്രിച്ചു വന്നിരുന്നത് ഉദിനൂർ കോവിലകത്തെ ശിവ ശക്തിയായ ക്ഷേത്രപാലകനായിരുന്നു. അന്നത്തെ സ്ഥാപന ജംഗമ വസ്തുക്കൾ പുതിനൂർ കോലോത്തിന് കീഴിലായിരുന്നു ബ്രാഹ്മണരുടെ 64 ഗ്രാമങ്ങളിൽ വടക്കുനിന്ന് ആദ്യത്തേത്. പയ്യന്നൂരാണ് പെരുമ്പാപുഴയ്ക്കും ചന്ദ്രഗിരി പുഴയ്ക്കും ഇടയിലുള്ള നാടിന്റെ അതീശത്വം. പയ്യന്നൂർ പെരുമാളുടെ അനുമതിയോടെ അള്ളടം മുക്കാതം ദേശത്തിന്റെ അധിപൻ ആവുകയായിരുന്നു.

എഡി 11 നൂറ്റാണ്ടിലെ ജീവിച്ച അതുലന്റെ മൂഷകവംശത്തിൽ ഏഴിമല രാജ്യത്തെ കുറിച്ച് പറയുന്നുണ്ട്. തൃക്കരിപ്പൂർ ഈ രാജവംശത്തിലെ കീഴിൽ ആയിരിക്കണം. ചക്രപാണി ക്ഷേത്രം സ്ഥാപിക്കുന്നതിന് കാരണക്കാരനായ പുഷ്കര ബ്രാഹ്മണൻ ഏഴുമല രാജ്യത്തിൽ വടക്കോട്ട് യാത്ര ചെയ്തു താമരക്കുളം കണ്ടതായി കേരള മഹാത്മ്യം 21 അധ്യായത്തിലുണ്ട്.



ക്രിസ്തുവർഷാരംഭം തൊട്ട് സഹസ്രാബ്ദങ്ങളോളം തുളുനാട്ടിലെ അധികാരശക്തിയായിരുന്ന ആളപ രാജവംശത്തിന് ഏഴിമലവരെ അധികാര അവകാശങ്ങൾ ഉണ്ടായിരുന്നു. മഹോദയപുരം ആസ്ഥാനമാക്കി ഭരിച്ചിരുന്ന പെരുമാൾ ചേരന്മാരുടെ സ്വാധീനം ചന്ദ്രഗിരി പുഴ വരെ വ്യാപിച്ചിരുന്നു എന്നതിലും സൂചനകളുണ്ട്. (ഉദാ: പുല്ലൂർ കൊടവലം ശിലാലിഖിതം) എഡി 12ആം നൂറ്റാണ്ടിൽ പെരുമാൾ ഭരണം അവസാനിച്ചു.



ചിറക്കൽ രാജവംശത്തിന്റെ കീഴിൽ ഭരണം എത്തിച്ചേർന്നു. മടിയൻ കൂലോം ഭരിച്ചിരുന്ന അല്ലോഹലനെയും ഉദിനൂർ കേന്ദ്രമായി ഭരിച്ചിരുന്ന മന്നോനെയും പരാജയപ്പെടുത്തിയാണ് കോലത്തിരി വടക്കൻ മേഖലകളിൽ ആധിപത്യം നേടിയത്. തുടർന്ന് അവർ ഇവിടെയുള്ള പ്രാദേശിക ജന്മികൾക്ക് ഭരണം കൈമാറി.

അങ്ങനെയാണ് താഴെക്കാട്ട് മന തൃക്കരിപ്പൂരിന്റെ അധിപനായത് 18ആം നൂറ്റാണ്ടിൽ ടിപ്പുവിന്റെ പടയോട്ടാനാന്തരം ഉടുമ്പുന്തല നാലുപുരപ്പാട്ട് ഉൾപ്പെടെ  മുസ്ലിം ജന്മിമാർ ഉയർന്നുവന്നു.

ബ്രിട്ടീഷുകാർ ടിപ്പുവിനെ കീഴടക്കിയതോടെ ഈ പ്രദേശങ്ങളും ബ്രിട്ടീഷ് ഭരണത്തിന് കീഴിലായി. കവ്വായി പുഴ വരെയുള്ള ദേശം തെക്കൻ കാനറ ജില്ലയിലായിരുന്നു. 1956-ൽ ഐക്യകേരള രൂപീകരണത്തോടെയാണ് ഇന്നത്തെ കാസർകോട് ജില്ല തിരു- കൊച്ചി മലബാറിനൊപ്പം ലയിച്ച് കേരള സംസ്ഥാനത്തിലായത്.



**ഡോ.വി.പി.പി മുസ്തഫ**











# വെളിച്ചം

## (ലഘു നാടകം)



രംഗം 1

സെൻട്രൽ ജയിൽ കവാടം. ജയിലിൽ നിന്നും പുറത്തേക്ക് വരുന്ന അഹമ്മദ് മാഷ്.
(പ്രായം 40 മുണ്ട്, ഷർട്ട്, കൂടെ രണ്ട് പോലീസുകാർ)

മുഹമ്മദ് കുഞ്ഞി പ്രവേശിക്കുന്നു – (പ്രായം 60, നീണ്ടു നരച്ച താടിയും മുടിയും. കാഴ്ചയിൽ അവശൻ, അഹമ്മദ് മാഷിന്റെ കാൽപിടിക്കാൻ കുനിയുന്നു. അഹമ്മദ് മാഷ് തടയുന്നു)

മുഹമ്മദ് കുഞ്ഞി: (പൊട്ടിക്കരഞ്ഞ് കൊണ്ട്)
മാഷേ... മാഷേ... അല്ലാഹു എന്നോട് പൊറുക്കില്ല... മാഷെങ്കിലും ...തെറ്റ് ക്ഷമിച്ച് മാപ്പാക്കണം.

അഹമ്മദ് മാഷ്: സാരമില്ല അതൊക്കെ മറന്നേക്കു. ജയിലിൽ കിടക്കാൻ ഒരു യോഗമുണ്ടായിരിക്കാം.

മുഹമ്മദ് കുഞ്ഞി: അന്നു മാഷ് പറഞ്ഞത് ഞാൻ കേട്ടിരുന്നെങ്കിൽ... (പൊട്ടിക്കരയുന്നു) മാഷേ ഇന്നെനിക്കാരുമില്ല...

എന്റെ വീട്ടും പോയി, കുടുംബവും പോയി.

അഹമ്മദ് മാഷ്: ബഷീർ അവനെവിടെ ...

മുഹമ്മദ് കുഞ്ഞി: മാഷേ അവൻ... അവൻ ആരാണെന്ന് അവനു തന്നെ അറിയില്ല.



രംഗം 2

(.അഹമ്മദ് മാഷ് ക്ലാസ്സിൽ പ്രവേശിക്കുന്നു. കുട്ടികൾ എഴുന്നേറ്റ് നിൽക്കുന്നു)

കുട്ടികൾ: ഗുഡ് മോണിംഗ് സാർ

അഹമ്മദ് മാഷ്: ഗുഡ് മോണിംഗ് സിറ്റ് ഡൗൺ.(കുട്ടികൾ ഇരിക്കുന്നു)

ഇന്ന് നമുക്ക് മലയാളം കവികളെയും കവിതകളെയും പരിചയപ്പെടാം. (ബോർഡിൽ .എഴുതുന്നു) രമണൻ — ഇത് വായിക്കൂ

കുട്ടി 1: രമണൻ

?അഹമ്മദ് മാഷ്: രമണൻ എഴുതിയത് ആർ

കുട്ടി 2: അഹമ്മദ് മാഷ് (ക്ലാസ്സിൽ കുട്ടിച്ചിരി)

അഹമ്മദ് മാഷ്: (സൈലൻസ് ക്ലാസ്സ് നിശബ്ദം )

!കുട്ടി 3: മാഷല്ലേ ബോർഡിൽ രമണൻ എന്നെഴുതിയത്

?അഹമ്മദ് മാഷ്: എങ്കിൽ പ്രസിദ്ധമായ രമണൻ എന്ന കാവ്യം എഴുതിയത് ആര്

...കുട്ടികൾ: (പിറുപിറുക്കുന്നു) ഒരു പുഴ... ആലപ്പുഴ... മലമ്പുഴ

?അഹമ്മദ് മാഷ്: ബഷീറേ നിനക്കെന്താ പറ്റിയത്

ബഷീർ: (അൽപ്പം പരുങ്ങലോടെ) സാർ ഒന്നുല്ല്യ

അഹമ്മദ് മാഷ്: യു സ്റ്റാൻഡ് അപ്പ് ബഷീർ എഴുന്നേറ്റു നിൽക്കുന്നു

?നിന്റെ ബാഗ് നോക്കട്ടെ

...ബഷീർ: സാർ ഇതിൽ പുസ്തകമേയുള്ളൂ... മറ്റൊന്നുല്ല്യ

അഹമ്മദ് മാഷ്: പിന്നെന്തിനാ മടിക്കുന്നു.ഞാനൊന്ന് നോക്കട്ടെ... (മാഷ് ബാഗ് പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ബഷീർ വിട്ടുകൊടുക്കാൻ തയ്യാറാകുന്നില്ല)

.ബഷീർ: മാഷേ ബാഗ് വിട് ഇതിൽ മറ്റൊന്നുമില്ല

അഹമ്മദ് മാഷ്: നടക്കെടാ സ്റ്റാഫ് റൂമിലേക്ക് ബാഗിൽ പിടിവിടാതെ ഇരുവരും സ്റ്റാഫ് റൂമിൽ പ്രവേശിക്കുന്നു



രംഗം 3

(സ്റ്റാഫ് റൂം
രണ്ട് മൂന്ന് അധ്യാപകർ ഇരിക്കുന്നു)

അധ്യാപകൻ 1: മാഷേ എന്താ പ്രശ്നം?

അഹമ്മദ് മാഷ്: ഇവന്റെ ബാഗ് പരിശോധിക്കണം... ബാഗ് വിടെടാ...



(ബാഗ് പിടിച്ച് വലിക്കുന്നു. അതിനിടെ ഒരു കൈ പൊട്ടുന്നു. ബാഗ് പൂർണ്ണമായി അഹമ്മദ് മാഷിന്റെ കൈയിലെത്തുന്നു. ബാഗ് തുറന്ന് പരിശോധിക്കുന്നു. അതിൽ നിന്നും ചെറിയ ഒരു കടലാസ് പൊതി പുറത്തെടുക്കുന്നു.)

അഹമ്മദ് മാഷ്: (പൊതി പുറത്തെടുത്തിട്ട്) എടാ... ഇതെന്താടാ...

ബഷീർ: (കോപത്തോടെ) മാഷേ മാഷ് പഠിപ്പിച്ചാൽ മതി. വേണ്ടാത്ത കാര്യത്തിൽ കൈയിടേണ്ട...

എന്റെ ബാപ്പ ആരാണെന്നറിയുമോ?

അഹമ്മദ് മാഷ്: പോടാ പോയിട്ട് നിന്റെ ബാപ്പാനെ കൂട്ടി വാ.

(എന്നിട്ട് ക്ലാസിൽ കയറിയാൽ മതി)

ബഷീർ: (ചെറിയ പൊതി അഹമ്മദ് മാഷിന്റെ കൈയിൽ നിന്നും തട്ടിയെടുക്കാൻ ശ്രമിക്കുന്നു)

അഹമ്മദ് മാഷ്: എന്താടാ... (ബഷീറിനെ അടിക്കുന്നു. ബഷീർ ബാഗ് തട്ടിയെടുത്ത് ഓടിപ്പോകുന്നു.)

അധ്യാപകൻ 1: മാഷേ മാഷ് നോവിച്ചുവിട്ടത് ഒരു ഉഗ്രവിഷ പാമ്പിനെ ആണ്. ഓർക്കുന്നത് നന്നായിരിക്കും.

അഹമ്മദ് മാഷ്: മാഷേ (ചെറിയ പൊതി കാണിച്ച് കൊണ്ട്) ഇതാണെന്നറിയുമോ?

ഓ എങ്ങനെ  അറിയും? ആന്റി ഡ്രഗ് ക്യാമ്പിൽ ഒക്കെ പോകണം.

അധ്യാപകൻ 3 : മാഷേ മാഷ് ഇവിടെ പുതിയ ആളായതുകൊണ്ട്ബഷീറിന്റെബാപ്പാനെ അറിയാൻ സാധ്യതയില്ല. നമ്മുടെ PTA ഫണ്ടിലേക്ക് നിർലോഭം  സംഭാവന നൽകുന്നത്

അദ്ദേഹമാണ്.

അഹമ്മദ് മാഷ്: ആര് തെറ്റ് ചെയ്താലും ഞാൻ മുഖം നോക്കാറില്ല.

അധ്യാപകൻ 1: മാഷേ സ്റ്റാഫ് റൂം നോക്കൂ ഇതിലെ മുഴുവൻ ഫർണിച്ചറും ബഷീറിന്റെ ബാപ്പ നൽകിയതാണ്.

അധ്യാപകൻ 2: സാറിന് നല്ല പിടിപാടാണ് ഇനി എന്നൊക്കെ പുകിലാകും ഉണ്ടാവുക... കണ്ടറിയാം.

(ചുറുചുറുക്കുള്ള ഒരാൾ കടന്നു വരുന്നു )
മുഹമ്മദ് കുഞ്ഞി: ഏത് മേഷാണ് എന്റെ മോനെ തല്ലിയത് ?
അഹമ്മദ് മാഷ്: ഞാൻ തന്നെ ഇതു നോക്ക് ( ചെറിയ പൊതി കാണിച്ച് ) നിങ്ങളുടെ മകന്റെ ബാഗിൽ നിന്നാണ് ഇത് കിട്ടിയത് (പൊതി തുറന്നു കാണിക്കുന്നു )
മുഹമ്മദ് കുഞ്ഞി: നോക്കട്ടെ (അത് വാങ്ങി ഊതി കാറ്റിൽ പറത്തുന്നു ) നിരപരാധിയായ എന്റെ മോനെ
തല്ലിച്ചതച്ച മാഷേ ഞാൻ ഒരു പാഠം പഠിപ്പിക്കും. നോക്കിക്കോ..(
കയ്യിലുള്ള മൊബൈൽ ഡയൽ ചെയ്തു കോൾ ചെയ്യുന്നു നിമിഷങ്ങൾക്കകം പോലീസ് ജീപ്പ് വരുന്നു അതിൽ നിന്നും രണ്ടു പോലീസുകാർ ഇറങ്ങിവരുന്നു അഹമ്മദ് മാഷെവിലങ്ങുവെച്ച് കൊണ്ടുപോകുന്നു)

രംഗം 4

(ജയിലുകവാടം അഹമ്മദ് മാഷ് പുറത്തേക്ക് വരുന്നു)

മുഹമ്മദ് കുഞ്ഞി: മാഷേ മാഷ് അന്ന് എന്റെ മകന്റെ ബാഗിൽ നിന്നും പിടിച്ചെടുത്ത് മാരക മയക്കുമരുന്നായ MDMA യാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ എന്റെ ബുദ്ധിമോശം എല്ലാം നശിപ്പിച്ചു.

അഹമ്മദ് മാഷ്: ഇക്ക അതൊല്ലാം മറന്നേക്കൂ...

മുഹമ്മദ് കുഞ്ഞി: (കരഞ്ഞ് കൊണ്ട്) മാഷേ അവന്റെ മയക്കുമരുന്ന് ഉപയോഗം വിട്ടും പറയും നിർത്തിപ്പെട്ടത്... ഒപ്പം അവന്റെ ഉമ്മയും പോയി (കർട്ടൻ വീഴുന്നു)

(എല്ലാവരും ഒരുമിച്ച്)

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടാൻ പാടില്ല

രചന : എം.ജി ധരൻ തൃക്കരിപ്പൂർ

# പിൻകുറിപ്പ്

ഈ  ഡിജിറ്റൽ മാഗസിന്റെ
പ്രവർത്തങ്ങളോട്
ചേർന്നുനിന്ന
എല്ലാവർക്കും
നന്ദി
സ്നേഹം.........

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്



